**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം, 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393


തീയതി. 29.11.2025

# ബിൽഡിംഗ് പെർമ്മിറ്റ് അനുവദിക്കുന്നതിന് കൈക്കൂലി വാങ്ങിയ അസിസ്സ്റ്റന്റ് എഞ്ചിനീയറെ വിജിലൻസ് കോടതി 7 വർഷം കഠിന തടവിന് ശിക്ഷിച്ചു.

കോട്ടയം നഗരസഭയുടെ കുമാരനല്ലൂർ സോണൽ ഓഫീസിന് പരിധിയിലുള്ള പരാതിക്കാരന്റെ വസ്തുവിൽ ഹോട്ടൽ കെട്ടിടം നിർമ്മിക്കുന്നതിന് പെർമ്മിറ്റ് അനുവദിച്ച് നൽകുന്നതിന് 15,000/- രൂപ കൈക്കൂലി വാങ്ങിയതിന് 2014-ൽ വിജിലൻസ് കൈയ്യോടെ പിടികൂടിയ കുമാരനല്ലൂർ സോണൽ ഓഫീസിലെ മുൻ അസിസ്സ്റ്റന്റ് എഞ്ചിനീയറും നിലവിൽ ബുധനൂർ ഗ്രാമ പഞ്ചായത്ത് അസിസ്സ്റ്റന്റ് എഞ്ചിനീയറുമായ തിരുവല്ല കുറ്റപ്പുഴ സ്വദേശി മാർട്ടിൻ ആന്റണിയെ കോട്ടയം വിജിലൻസ് കോടതി കുറ്റക്കാരനാണെന്ന് കണ്ടെത്തി 7 വർഷം കഠിന തടവിനും ഒന്നര ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (29.11.2025) ശിക്ഷിച്ചു.

പരാതിക്കാരന്റെ കുമാരനല്ലൂർ നീലിമംഗലം ഭാഗത്തുള്ള വസ്തുവിൽ ഹോട്ടൽ കെട്ടിടം നിർമ്മിക്കുന്നതിന് പെർമ്മിറ്റ് ലഭിക്കുന്നതിന് കുമാരനല്ലൂർ ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് കുമാരനല്ലൂർ ഗ്രാമ പഞ്ചായത്ത് കോട്ടയം മുൻസിപ്പാലിറ്റിയുടെ ഭാഗമാകുകയും പരാതിക്കാരന്റെ അപേക്ഷ കോട്ടയം മുൻസിപ്പാലിറ്റിയിലേയ്ക്ക് മാറുകയും ചെയ്തിരുന്നു. പരാതിക്കാരന്റെ അപേക്ഷയുടെ ഫയൽ കൈകാര്യം ചെയ്തിരുന്ന കോട്ടയം മുൻസിപ്പാലിറ്റിയിലെ കുമാരനല്ലൂർ സോണൽ ഓഫീസിലെ അസിസ്സ്റ്റന്റ് എഞ്ചിനീയറായ മാർട്ടിൻ ആന്റണി പരാതിക്കാരനെ ഓഫീസിൽ വിളിച്ച് വരുത്തി പെർമ്മിറ്റ് അനുവദിക്കുന്നതിനുള്ള ഫയലിൽ ഒപ്പിടുന്നതിന് 15,000/- രൂപ കൈക്കൂലി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. പരാതിക്കാരനിൽ നിന്നും 15,000/- രൂപ രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് കൈയ്യോടെ പിടികൂടിയ ഈ കേസിലാണ് കുമാരനല്ലൂർ സോണൽ ഓഫീസിലെ മുൻ അസിസ്സ്റ്റന്റ് എഞ്ചിനീയറും നിലവിൽ ബുധനൂർ ഗ്രാമ പഞ്ചായത്ത് അസിസ്സ്റ്റന്റ് എഞ്ചിനീയറുമായ തിരുവല്ല കുറ്റപ്പുഴ സ്വദേശി മാർട്ടിൻ ആന്റണിയെ കോട്ടയം വിജിലൻസ് കോടതി കുറ്റക്കാരനാണെന്ന് കണ്ടെത്തി 7 വർഷം കഠിന തടവിനും ഒന്നര ലക്ഷം രൂപ പിഴ ഈടാക്കുന്നതിനും ശിക്ഷ വിധിച്ചത്.

ശിക്ഷിച്ച പ്രതിയെ തിരുവനന്തപുരം സെൻട്രൽ ജയിലിലടച്ചു. തിരുവനന്തപുരം വിജിലൻസ് ജഡ്ജ് ശ്രീ. കെ.വി രജനീഷ് ആണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. കെ.കെ ശ്രീകാന്ത് ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.